# ഇടശ്ശേരിയുടെ ജ്യോതിഷവും മന്ത്രവാദവും

അക്കിത്തം

ഇടശ്ശേരി ഗോവിന്ദൻ നായരെന്ന മനുഷ്യനെ ആദ്യം കണ്ടത് 1940-ലാണ്. കുമരനല്ലൂർ എന്റെ പുരാതനമായ ഇല്ലത്തെ തെക്കേ പത്തായപ്പുരയുടെ തളത്തിൽ വെച്ച് എന്റെ ഗുരുനാഥൻ തൃക്കണ്ടിയൂർ കളത്തിൽ ഉണ്ണികൃഷ്ണമേനോനാണ് ഇടശ്ശേരിയെ കൂട്ടിക്കൊണ്ടുവന്നത്. വെളുത്ത ഖദർജുബ്ബ ധരിച്ച്, ചുരുണ്ട തലമുടി പിന്നോട്ടു മാടിവെച്ച്, കണ്ണടയില്ലാതെ വിടർന്ന കണ്ണുകളിൽ ഉത്സാഹതള്ളലോടുകൂടി മുപ്പത്തഞ്ചോളം വയസ്സു പ്രായമുള്ള ആ മനുഷ്യൻ മുറിയിൽ വന്നു കസേലയിൽ ഇരുന്ന ഉടനെ ഉണ്ണികൃഷ്ണമേനോൻ മാസ്റ്റർ എന്നോടു പറഞ്ഞു: 'ഇതാണ് ഇടശ്ശേരി ഗോവിന്ദൻ നായര്.' താമസമുണ്ടായില്ല, കുറ്റിപ്പുറം സ്കൂളിൽ തന്റെ ശിഷ്യനായിരുന്ന ഇടശ്ശേരിയുടെ നേരെ തിരിഞ്ഞ് ഇങ്ങനെയും പറഞ്ഞു: 'ഇയാളാണ് എന്റെ പുതിയ ശിഷ്യൻ. ഞാനിയാളെ ഗോവിന്ദന് ഏല്പിച്ചു തരുന്നു. നേരെയാവുമോ എന്നു നോക്കൂ.'

ഇതിന് ഇടശ്ശേരി മറുപടിയൊന്നും പറഞ്ഞില്ല. മാസ്റ്ററുടെ നിർദ്ദേശ പ്രകാരം ഞാൻ ഇടശ്ശേരിയുടെ മുമ്പിലേക്കു വെച്ചുകൊടുത്ത നോട്ടുപുസ്തകങ്ങളിലെ കവിതകൾ നിശബ്ദം വായിച്ചുകൊണ്ടു കുറച്ചു നേരം ഇടശ്ശേരി അവിടെയിരുന്നു. അതിനിടയ്ക്ക് ഒരു പൊട്ടിച്ചിരി പുറത്തുവന്നു. എന്താണ് അതിനു സംഗതി എന്നായി മാസ്റ്റർ. ഇടശ്ശേരി പറഞ്ഞു. 'ഇയാൾക്കു ചിരിക്കാൻ കഴിയും! പിന്നെ സാരമില്ല മാസ്റ്റർ! ഇയാളെ ഞാൻ ശരിപ്പെടുത്തിക്കൊള്ളാം. ഒരു കൊല്ലം കൊണ്ട് ഇന്നെനിക്കുള്ളത്ര പ്രശസ്തി ഇയാൾക്കുമുണ്ടാവും'അവസാനത്തെ വാചകം പറയുമ്പോൾ ഇടശ്ശേരിയുടെ മുഖത്തെ ചിരിയുണ്ടായിരുന്നില്ല ഇടശ്ശേരിക്കു ജ്യോതിഷമുണ്ടോ?

താമസിയാതെ ഒഴിവു ദിവസങ്ങളിലെല്ലാം പുതിയ പുതിയ കവിതകളും കൊണ്ടു പൊന്നാനിക്കു ബസ്സുകയറുക എന്നത് എന്റെ പതിവായിത്തീർന്നു. അച്ഛൻ പണ്ട്, ഞങ്ങളുടെ പടിക്കലെച്ചെറുമനായിരുന്ന രാമന് ഒരു പശുകുട്ടിയെ നോക്കാൻ കൊടുത്തപ്പോൾ അവനുണ്ടായ വികാരവായ്പിനെ ഓർമ്മിപ്പിക്കുന്ന തരത്തിലുള്ള എന്തോ ഒന്നായിരുന്നു, ബസ്സിൽ നിന്നിറങ്ങി വരുന്ന എന്നെ കാണുമ്പോൾ, കൃഷ്ണപ്പണിക്കർ വായനശാലയുടെ വരാന്തയിൽ കീഴ്പ്പോട്ടു നിരത്തിലേക്കു നോക്കി നിൽക്കുന്ന ഇടശ്ശേരിയുടെ മുഖത്തുദിക്കാറുള്ള പ്രകാശം.

കോടതിയില്ലാത്ത ദിവസങ്ങളിൽ ഒരു ഈഴവൻ മാത്രമേ കവിതയും കൊണ്ടു വീട്ടിൽ വരുന്നുള്ളുവെന്നു വിചാരിക്കുക - ആ സംഭവത്തെ ഇടശ്ശേരിയുടെ സഹധർമ്മിണി ജാനകിയമ്മ ഗൗനിക്കുമായിരുന്നില്ല. കേളപ്പനും ഗുരുവായൂർ സത്യാഗ്രഹവുമൊക്കെ അന്നേക്കുതന്നെ പഴകിക്കഴിഞ്ഞ സംഗതികളായിരുന്നുവല്ലോ. എന്നാൽ ഈഴവൻ മാത്രമല്ല കയറിവരാൻ തുടങ്ങിയത്. ഒരു വാരിയനും ഒരു നമ്പൂതിരിയും കൂടിയുണ്ടായിരുന്നു. ചിലപ്പോൾ ഒറ്റക്കൊറ്റക്ക്, ചിലപ്പോൾ കൂട്ടായും, ഈ കവിതക്കാർ - ടി. വി. ശൂലപാണി വാരിയരും കടവനാട് കുട്ടികൃഷ്ണനും ഞാനും - ഉമ്മറത്തു കസേലയിലിരിക്കുന്ന ആളെ വന്നു വളയുന്നു! വളയുന്നു എന്നതുകൊണ്ടല്ല ജാനകിയമ്മ പരിഭ്രമിച്ചത്. ഇവർക്കെന്തു ഭക്ഷിക്കാൻ കൊടുക്കും? വാരിയർക്കു വാരിയത്ത് അമ്മയുണ്ട് - നായർ വീട്ടിൽ നിന്ന് ഉണ്ണുകയില്ല. ഇങ്ങനെയിരിക്കെ, എട്ടും പൊട്ടും തിരിയാത്ത ഒരുണ്ണി നമ്പൂതിരിയോടെങ്ങനെ ചോദിക്കും, നായരുടെ ചോറുണ്ണുമോ എന്ന്? എനിക്കാണെങ്കിലോ, ചോറുതന്നെ വേണമെന്ന് അങ്ങോട്ട് പറയാനുള്ള നാണമില്ലായ്മ അന്നുണ്ടായിക്കഴിഞ്ഞിട്ടില്ല. മാത്രമല്ല, ഇല്ലത്തു മടങ്ങിച്ചെന്ന് അച്ഛനമ്മമാരോടും, പരമേശ്വര മുത്തപ്ഫനോടും മറ്റും കളവു പറയാൻ മടിയുമുണ്ട്. പേടിയുമുണ്ട്. അതിനാൽ ആദ്യത്തെ പ്രാവശ്യം, ചെറുപയറും കാവുത്തും ചേർത്തുണ്ടാക്കിയ പുഴുക്കായിരുന്നു മുഖ്യമായും എന്റെ അത്താഴം. പപ്പടം, പഴം, ചായ എന്നിങ്ങനെ ധാരാളം സഹയാത്രികരുമുണ്ടായിരുന്നു. എങ്കിലും രണ്ടാമത്തെ പ്രാവശ്യം ചെന്നപ്പോഴേക്ക് ഇടശ്ശേരി ദമ്പതിമാർ പ്രശ്നത്തിനു തക്കതായ പരിഹാരം കണ്ടുപിടിച്ചിരുന്നു. ഇടശ്ശേരി പറഞ്ഞു: 'ഇന്നു നമുക്ക് കരുവാട്ടുപോയി ഉണ്ടുവരാം.' കറച്ചുകാലം പിന്നീടതായി ത്തീർന്നു സമ്പ്രദായം; ഊണുകാലമായാൽ ഇടശ്ശേരിയും ഞാനും കൂടി നടന്നലഞ്ഞ് പൊന്നാനിക്കരുവാട്ടെത്തും - ഇന്നു സുപ്രസിദ്ധ ചിത്രകാരനായ 'നമ്പൂതിരി'യുടെ ഗൃഹത്തിൽ. എന്റെ ഊണു കഴിഞ്ഞാൽ മടങ്ങിപ്പോരികയും ചെയ്യും. എന്നാൽ കുറച്ചുകാലം കൂടി കഴിഞ്ഞപ്പോൾ ഇടശ്ശേരി എന്നെ ഊട്ടാൻ കൊണ്ടുപോവുന്നതു കരുവാട്ടേക്കല്ലാതായി; കൂടുതൽ അടുത്തുള്ള തൃക്കാവിലെ ബ്രാഹ്മണാൾ ഹോട്ടലിലേക്കായി. എന്തായാലും പൊന്നാനി ചെന്നാൽപ്പിന്നെ മടങ്ങിപ്പോരുന്നതുവരെ ഒരു പൈസയും എന്റെ കീശയിൽ നിന്നു ചെലവാവരു തെന്ന് ഇടശ്ശേരിക്കുണ്ടായിരുന്നു. പക്ഷേ, അതദ്ദേഹം ആ രൂപത്തിലൊരിക്കലും പ്രകടിപ്പിച്ചിട്ടില്ല. എന്നാൽ എന്റെ കീശയിൽ നിന്നെന്തെങ്കിലും ചെലവാവാൻ സംഗതിവരില്ല.

മടങ്ങിപ്പോരാൻ വേണ്ടി ഞാൻ ബസ്സിൽ കയറി ഇരുന്നാൽ, ഇടശ്ശേരി അടുത്തുവന്നു മെല്ലെ ചോദിക്കയും ചെയ്യും: 'ബസ്സുകൂലി കീശയിലില്ലേ? നല്ലവണ്ണം ഇപ്പോൾ തന്നെ നോക്കിക്കോളൂ. ഇറങ്ങാൻ കാലത്ത് അയ്യത്തടാന്നാവണ്ട. ബസ്സ മനവകയല്ല!'

പൊന്നാനിക്കുള്ള ഈ യാത്രകളാരാംഭിച്ചിട്ട് ഒരു മാസം കഴിഞ്ഞിട്ടുണ്ടാവില്ല, എന്റെ കവിതകൾ പത്രങ്ങളിൽ തുരുതുരെ പുറത്തു വരാൻ തുടങ്ങി. ആദ്യം ഞാൻ വിചാരിച്ചു: അയച്ചുകൊടുത്തത് ഇടശ്ശേരിയല്ലേ, ആ വലിപ്പം കൊണ്ടായിരിക്കും പത്രക്കാർ അവ സ്വീകരിച്ചത്. എന്നാൽ വഴിയെക്കണ്ട് ഇടശ്ശേരി 'താൻ തന്നെയങ്ങോട്ടയച്ചു കൊടുത്താൽ മതി' എന്നു പറയാൻ തുടങ്ങി. അങ്ങനെ ചെയ്തപ്പോഴും അവ പ്രസിദ്ധീകരിച്ചു വന്നു. അതു കണ്ടപ്പോഴാണ് എനിക്കു തോന്നിത്തുടങ്ങിയത്. വെറുതെയല്ല; ഇമ്മൂപ്പർ തിരുത്തിയാൽ കവിതയിൽ എന്തോ ഒരു സവിശേഷഗുണം കടന്നു കൂടുന്നുണ്ട്! എന്നല്ല, ക്രമേണ തിരുത്തലിന്റെ സ്വഭാവവും വ്യത്യസ്തമായി. ആദ്യമാദ്യം ഒരു തരം ഉടച്ചുവാർക്കൽ തന്നെയാണു രണ്ടുപേരും കൂടി നിർവ്വഹിച്ചിരുന്നത്. എന്നാൽ പിന്നെപ്പിന്നെ തിരുത്തലിന്റെ വ്യാപ്തി ചുരുങ്ങി, അവിടവിടെ ചില വാക്കു മാറ്റുക, ചില വരികളുടെ സ്ഥാനം മാറ്റുക എന്നിവ മാത്രമായി. അങ്ങനെ ആറേഴു മാസമേ ആയിട്ടുണ്ടാവുകയുള്ളൂ. അപ്പോഴാണ് പൊന്നാനിയിലൊരു വിദ്യാർത്ഥി സമ്മേളനത്തിൽ പ്രസംഗിക്കാൻ, ഇപ്പോൾ 'കെ.വി. ഈശ്വരവാരിയ'രെന്ന പേരിലറിയപ്പെടുന്ന 'ഈശ്വരവാരിയർ', വിലങ്ങൻ എന്ന കവിയും അന്നു തന്നെ 'എൻ. വി. കൃഷ്ണവാരിയ'രായിരുന്ന കവിയും കൂടി വന്നുചേർന്നത്. കൃഷ്ണവാരിയർക്ക് എന്നെ നിരത്തിൽ വെച്ചു പരിചയപ്പെടുത്തിയത് ശൂലപാണി വാരിയരാണ്. അപ്പോളദ്ദേഹം പറഞ്ഞു: 'അറിയാമറിയാം. കവിതകളൊക്കെ വായിക്കാറുണ്ട്.' ആ വാക്കുകൾ കേട്ടപ്പോൾ ഞാൻ ഓർത്തു. ഒരു കൊല്ലം കൊണ്ടുചെയ്യാമെന്നു പറഞ്ഞത് ഇടശ്ശേരി ആറുമാസം കൊണ്ടു ചെയ്തിരിക്കുന്നു!.

ഇടശ്ശേരിക്കു ജ്യോതിഷം മാത്രമല്ല, മന്ത്രവാദവും കുറേശ്ശേ ഉണ്ടോ?

ഇല്ല, അദ്ദേഹത്തിനുള്ളതു കലർപ്പില്ലാത്ത സ്നേഹം മാത്രമാണെന്നു പിന്നെപ്പിന്നെ എനിക്കു മനസിലായി. കാരണം, കവിത തിരുത്തുമ്പോൾ ഓരോ കുറിയും അദ്ദേഹം പ്രധാനമായി ശ്രദ്ധിച്ചിരുന്നത് അതതു കവിതയിൽ ഏതു കോണിൽ കുഴിച്ചു നോക്കിയാലാണ് കണ്ണീർത്തുള്ളി കണ്ടെത്തുക എന്നായിരുന്നു. ഇവിടെ കുഴിച്ചാൽ നിധി കിട്ടും എന്നു പറയാൻ കഴിവുള്ള ചിലരുണ്ടായിരുന്നുവത്രെ. ഇവിടെ കുഴിച്ചാൽ വെള്ളം കിട്ടും എന്നു പറയുന്നുവരെ കാണുക തന്നെ ചെയ്തിട്ടുണ്ട്. എന്നാൽ ഇവിടെ കുഴിച്ചാൽ കണ്ണീർത്തുള്ളി കണ്ടുകിട്ടും എന്നു പറഞ്ഞു തന്ന കവികുലാചാര്യനാണ് ഇടശ്ശേരി. ഈ ഘട്ടത്തിൽ എന്റെ പത്ര പ്രസിദ്ധീകൃതമെങ്കിലും പുസ്തകങ്ങളിലൊന്നുമില്ലാത്ത ഒരു കവിത ഉദ്ധരിക്കുവാൻ അനുവദിക്കുമാറാകണം.

'വിമ്മിക്കരഞ്ഞു രാമനമ്പിളിക്കായിട്ടല്ലി-
ലമ്മിഞ്ഞയുണ്ടമ്മതൻ മടിയിൽ വാഴ്കെ
കാലിട്ടടിച്ചു കേഴുമോമനക്കുമാരന്റെ
മാതാവിന്നകത്തപ്പോളിടി മുഴങ്ങി.
ആകർഷിക്കയോ മണിക്കുഞ്ഞിനെദ്ദൈവികമാ-
മാക്കമ്രതിലകത്താൽ രജനിദേവി?
ഭാഗ്യമേ, ബിംബിതമായ് ദർപ്പണത്തിങ്കൽ തിങ്കൾ
ബാലന്നു പരിതൃപ്തി വിടർന്നു ചുണ്ടിൽ.'

ഇതാണ് ആ കവിതയുടെ ആദ്യഭാഗം. ഈ എട്ടുവരിയിലുള്ള കാര്യം പത്തിരുപതു വരിയിലെഴുതുകയാണ് ആദ്യം ചെയ്തിരുന്നത്. അതോടെ കവിത അവസാനിക്കുകയും ചെയ്തിരുന്നു.

ഇതു വായിച്ചപ്പോൾ ഇടശ്ശേരിക്കു ചിരിയും കരച്ചിലും ദേഷ്യവും എല്ലാമുണ്ടായതു പോലെ തോന്നി. എന്നിട്ടു പറഞ്ഞു – പറഞ്ഞ വാക്കൊന്നും വ്യക്തമായി ഓർക്കുന്നില്ല; എങ്കിലും ഇതായിരിക്കണം: 'ഓ!ന്റെ നമ്പൂരി! നിൽക്കുന്നേടത്തു നിധി ഉണ്ടായാൽ മതിയോ? കിട്ടാൻ യോഗം വേണ്ടേ?' എന്നിട്ടദ്ദേഹം കവിതക്ക് ഒരു രണ്ടാം ഭാഗം കൂടി ഉണ്ടാവണമെന്നും അത് ഇന്ന തരത്തിലായിരിക്കണമെന്നും രണ്ടുഭാഗവും എട്ടുപത്തുവരിയിൽ കൊള്ളണമെന്നും പറഞ്ഞു. പിന്നീടെഴുതിയതും ഇടശ്ശേരി ചില വാക്കുകളും മറ്റും മാറ്റിയതുമായ ആദ്യഭാഗമാണ് മുകളിൽ ചേർത്തത്;

രണ്ടാം ഭാഗം ഇങ്ങനെയാണ്:

'നാടായനാടൊക്കെയടക്കി ബ്ഭരിച്ചു രാജ
ഹാടക വിഷ്ടരം പൂക്കരുളീരാമൻ
കൈവന്നൂ രണ്ടു ബാലചന്ദ്ര ബിംബങ്ങൾ വംശ-

ഇടശ്ശേരിയുടെ ജ്യോതിഷവും മന്ത്രവാദവും

അക്കിത്തം

3

കൈത്തിരികളെപ്പോലെ ലവകുശന്മാർ.
പൊട്ടിത്തകർന്നു നൃപഹൃത്തടം ഈയമ്പിളി-
ക്കുട്ടികളെപ്പെറ്റോരു നിശയെവിടെ?
ഏതോ വനാന്തരത്തിൽ കൗമുദി വീശി നിൽക്കും
ചേതോഹരാംഗിയാമപ്പൗർണ്ണമിയാൾ
ആകർഷിക്കയോ തന്റേകാന്തനെത്തിളങ്ങുമീ
ജ്യോതിസ്സുകളാൽ? ഞെട്ടി രാജലക്ഷ്മി.'

ഏത് ഊഷരഭൂമിയിൽ നിന്നും അനശ്വരമായ അശ്രുബിന്ദു കുഴിച്ചെടുക്കാനുള്ള ഇടശ്ശേരിയുടെ ഈ വാസനക്കു സ്നേഹമെന്നല്ലാതെ എന്തുള്ളൂ പേര്?

ഇടശ്ശേരിയുമായുള്ള സഹവാസം കൊണ്ട് ഇങ്ങനെയൊക്കെ സംഭവിച്ചുവെങ്കിലും അടിസ്ഥാനപരമായി എന്റെ കവിതക്കു വളർച്ചയുണ്ടായിട്ടുണ്ടോ, ഉണ്ടെങ്കിൽത്തന്നെ അത് ഇടശ്ശേരിക്കു ബോധ്യപ്പെട്ടിട്ടുണ്ടോ എന്നൊക്കെയുള്ള സംശയം തീർന്നതു കുറച്ചുകൂടി കഴിഞ്ഞിട്ടാണ്. 'ദേശസേവിക' എന്ന ഖണ്ഡകാവ്യം ഞാനെഴുതുകയും ഇടശ്ശേരി തിരുത്തിത്തരുകയും ചെയ്തു. എന്നിട്ടു പറഞ്ഞു: 'ഇത് ഒറ്റക്കു പുസ്തകമാക്കാം.' അപ്പോൾത്തോന്നി അതിനൊരവതാരിക വേണമെന്ന്. നറുക്ക് പി.സി. കുട്ടികൃഷ്ണന്നു വീഴുകയും ചെയ്തു. പക്ഷേ, പി.സി. അന്നൊക്കെ കോഴിക്കോട്ടും നീലഗിരിയും മറ്റുമായിരുന്നതിനാൽ 'വന്നുപോയി' എന്നു കേൾക്കുകയല്ലാതെ, ഞാനും അദ്ദേഹവുമായി അഭിമുഖ ദർശനം നടന്നിരുന്നില്ല. അതിനാൽ ഇടശ്ശേരി തന്നെ പുസ്തകം കൈയിൽ വെച്ചു. പിന്നീടൊരിക്കൽ പൊന്നാനി ചെന്നപ്പോൾ ഇടശ്ശേരി പറഞ്ഞു: 'പി.സി. വന്നിരുന്നു. കവിത വായിച്ചു. അവതാരിക എഴുതിത്തരും.' ഒരു നിമിഷം മിണ്ടാതിരുന്നു. പിന്നെ തുടർന്നു പി.സി. ചോദിച്ചു:

ചിത്രവർണ്ണപതഗാരവോന്മിഷൽ
പുഷ്പകീർണ്ണമധുമാസ സന്ധ്യകൾ
വന്നുനിന്നയവിറക്കുമിന്നുമ-ന്നെങ്ങൾ
മൂളിയൊരു രാഗഗീതികൾ
എന്ന ശ്ലോകം അക്കിത്തം തന്നെ എഴുതിയതല്ലേ എന്ന്.'

ആയിരുന്നു. അതിനാൽ ആ വിജ്ഞാനം എന്നെ പ്രബുദ്ധനാക്കി. ഉണ്ണികൃഷ്ണമേനോൻ മാസ്റ്ററെന്നെ ദുഃഖപ്രവാഹത്തിൽ ഉച്ചുപാറപോലെ ഉറച്ചു നിൽക്കുന്ന ഇടശ്ശേരി എന്ന ചിരഞ്ജീവിയുടെ സ്നിഗ്ധമായ തോളത്തു കയറ്റിയിരുത്തിയതു വെറുതെയായില്ല!.

ഇടശ്ശേരിയും ഞാനും വേറെയല്ലെന്നുവരെ തോന്നിപ്പോകത്തക്ക സംഭവങ്ങൾ പിൽക്കാലത്തുണ്ടായിട്ടുണ്ടെങ്കിലും അവയൊന്നും ഇവിടെ എഴുതി വെക്കാൻ ഉദ്ദേശമില്ല. എങ്കിലും ചില വാചകങ്ങൾ മനസിൽ പൊന്തിക്കിടക്കുന്നു. അതായത്, ഇടശ്ശേരി ആദ്യകാലത്തു തന്ന ഉപദേശങ്ങളിൽ ഒന്നിന്മേൽ 'വിടില്ല ഞാനീ രശ്മി' എന്ന ഭാവത്തിൽ എന്റെ കൈ ഇപ്പോഴും മുറുകി നിൽക്കുന്നു. അതിതാണ്: 'ആത്മാവിന്മേൽ പറ്റിപ്പിടിച്ചു നിൽക്കുന്ന തൊപ്പകളെല്ലാം പറിച്ചു നീക്കൂ, അപ്പോൾ കാണാം, ജന്മനാ ഏതു മനുഷ്യനും നല്ലവനാണ്.' മറ്റൊരുപദേശവും ഏതാണ്ടിത്ര തന്നെ ബലത്തോടു കൂടി ഞാൻ കൈയിൽപ്പിടിച്ചിട്ടുണ്ട്. ഞാൻ തൃശൂരായിരുന്ന കാലത്ത് ഒന്നിൽ ച്ചിലാനം കൊല്ലം പൊന്നാനിയിൽ ചെല്ലാനിടവരാതെയുണ്ടായി. പിന്നീട് ചെന്നപ്പോൾ ഇടശ്ശേരി പറഞ്ഞു; 'ആവശ്യത്തിലധികം പിരിമുറുകിയാൽ പൊട്ടുമെന്നോർമ്മ വേണം.'

ഒരിക്കൽ കൂടി സംഗ്രഹിച്ചു കൊള്ളട്ടെ. അന്യാത്മാക്കളോടു മുഴുവൻ സ്നേഹവും അവനവനോടു ക്രൂരതയും - ഇതാണിടശ്ശേരിക്കവിത എന്നാണ് എപ്പോഴും എനിക്കു തോന്നിയിട്ടുള്ളത്. ഈ ഉദാത്തചേതന മലയാളത്തിൽ എത്രപേർക്കുണ്ടെന്ന് എണ്ണിനോക്കുവാന പേക്ഷ. വലിയ ആത്മാവിൽ നിന്ന് വലിയ കവിതയുണ്ടായിരിക്കുന്നു എന്നത് വസ്തുസ്ഥിതിമാത്രം.

'ഉപനയനം' എന്ന പുസ്തകത്തിൽ നിന്ന്.

ജന്മഭൂമി 1996 ഏപ്രിൽ 28